കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - കോട്ടയം ജില്ലയിലെ മങ്കട ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി.മേരി ഐലിന് അനുവദിച്ച ശൂന്യവേതനാവധിയുടെ അനുഭവിക്കാത്ത ഭാഗം റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ).നം.**1806**/ 2015/തസ്വഭവ തീയതി, തിരുവനന്തപുരം, **17/06/2015**

---

പരാമർശം: 1) 16/04/2008 ലെ സഉ(സാധാ) 1166/08/തസ്വഭവ നമ്പർ ഉത്തരവ്.

**2)** ശ്രീമതി.മേരി ഐലിന്റെ 12/05/2014 ലെ അപേക്ഷ.

**3)** പഞ്ചായത്ത് ഡയറക്ടറുടെ 07/07/2014 & 26/09/2014 ലെ ഇ 5-35045/14 നമ്പർ കത്തുകൾ.

## <u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ മങ്കട ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി.മേരി ഐലിൻ നാട്ടകം ഗ്രാമ പഞ്ചായത്തിൽ യു.ഡി. ക്ലാർക്കായിരിക്കെ ജോലിയിൽ നിന്നും വിട്ടു നിന്ന 28/09/2007 മുതൽ 04/05/2011 വരെയുള്ള കാലയളവ് ക്രമീകരിക്കുന്നതിനും പരാമർശം 1 പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയുടെ ടിയാൾ അനുഭവിക്കാത്ത 05/05/2011 മുതൽ 15/04/2013 വരെയുള്ള കാലയളവ് റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതിനും നടപടികൾ സ്വീകരിക്കമെന്നാവശ്യപ്പെട്ട് പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷയിൻമേൽ പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചു.

ശ്രീമതി.മേരി ഐലിൻ നാട്ടകം ഗ്രാമ പഞ്ചായത്തിൽ 27/09/2007 ൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് പരാമർശം 1 പ്രകാരം ഉത്തരവ് തീയതിയ്ക്ക് ശേഷം അവധിയിൽ പ്രവേശിക്കണം എന്ന നിഷ്കർഷയോടെ വിദേശത്ത് മെച്ചപ്പെട്ട ജോലി സ്വീകരിക്കുന്നതിനായി കെ.എസ്.ആർ. ഭാഗം 1 അനുബന്ധം XII A പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു.

പരാമർശം 1 പ്രകാരം ഉത്തരവാകുന്നതിന് മുമ്പ് 28/09/2007 മുതൽ ടിയാൾ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും 05/05/2011 ന് കോഡൂർ ഗ്രാമ പഞ്ചായത്തിൽ തിരികെ പ്രവേശിക്കുകയും ചെയ്തു. ടി സാഹചര്യത്തിൽ 28/09/2007 മുതൽ 15/04/2008

വരെയുള്ള കാലയളവ് ക്രമീകരിക്കാനും ശൂന്യവേതനാവധിയ്ക്ക് ശേഷം സേവനത്തിൽ പുന:പ്രവേശിച്ച 05/05/2011 മുതൽ 15/04/2013 വരെ കാലയളവ് റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കാനുമാണ് പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 28/09/2007 മുതൽ അനധികൃത ഹാജരില്ലായ്മയിലായിരുന്ന ശ്രീമതി.മേരി ഐലിന് പരാമർശം 1 ഉത്തരവ് പ്രകാരം ഉത്തരവ് തീയതിയ്ക്ക് ശേഷം അവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 5 വർഷത്തേയ്ക്ക് വിദേശ ജോലിക്കായി കെ.എസ്.ആർ. ഭാഗം 1 അനുബന്ധം XII A പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരിക്കുന്നതിനാൽ ടിയാൾ 28/09/2007 മുതൽ 15/04/2008 വരെ അനധികൃത ഹാജരില്ലായ്മയിലായിരുന്നു. ആയതിനാൽ മങ്കട ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി.മേരി ഐലിന് പരാമർശം 1 പ്രകാരം അനുവദിച്ച ശൂന്യവേതനാവധി കാലയളവിൽ ടിയാൾ വിനിയോഗിക്കാത്ത 05/05/2011 മുതൽ 15/04/2013 വരെയുള്ള കാലയളവ് റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീമതി.മേരി ഐലിൻ 28/09/2007 മുതൽ അനധികൃത ഹാജരില്ലായ്മ യിലായതിനാൽ കെ.എസ്.ആർ. ഭാഗം 1 അനുബന്ധം XII A ചട്ടം 9 പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിച്ച് ഉചിത ശിക്ഷ നൽകി തീർപ്പാക്കിയതിന് ശേഷം 28/09/2007 മുതൽ 15/04/2008 വരെയുള്ള അനധികൃത ഹാജരില്ലായ്മ ക്രമീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പി ക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല.സി.എസ്**
ഗവ. അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവനപുസ്തകം സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, മങ്കട ഗ്രാമപഞ്ചായത്ത്, മലപ്പുറം
ശ്രീമതി.മേരി ഐലിൻ, അക്കൗണ്ടന്റ്, മങ്കട ഗ്രാമപഞ്ചായത്ത്, മലപ്പുറം
(മങ്കട ഗ്രാമപഞ്ചായത്ത്സെക്രട്ടറി മുഖേന)
ധനവകുപ്പിന് (2.3.15 ലെ 92942/ഡെവ 1/14/ധന നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ